# ഈസി പാസ്പോർട്ട് ക്യാമ്പയിൻ



തിരക്ക് പിടിച്ച പോലീസ് ജോലിക്കിടയിൽ പാസ്പോർട്ട് എടുക്കാൻ കഴിയാതിരുന്നവർക്കും, പുതുക്കാൻ കഴിയാതെ പോയ പോലീസുദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കുമായി എറണാകുളം റൂറൽ ജില്ലാ പോലീസും, കേരള പോലീസ് അസോസിയേഷൻ എറണാകുളം റൂറൽ ജില്ലാ കമ്മിറ്റിയും ആലുവ റീജിയണൽ പാസ്പോർട്ട് ഓഫീസിന്റെ സഹകരണത്തോടെ ഈസി പാസ്പോർട്ട് ക്യാമ്പയിൻ സംഘടിപ്പിച്ചു.

ക്യാമ്പയിനിന്റെ ഭാഗമായി എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ ഇന്ന് (04.01.2020) സംഘടിപ്പിച്ച ചടങ്ങ് ജില്ലാ പോലീസ് മേധാവി ശ്രീ.കെ.കാർത്തിക് IPS ഉദ്ഘാടനം ചെയ്തു. ആലുവ റീജിയണൽ പാസ്പോർട്ട് ഓഫീസിലെ ശ്രീമതി.ശാലിനി വിജയൻ, തൃപ്പൂണിത്തുറ പാസ്പോർട്ട് ഓഫീസിലെ ശ്രീ.ജീവൻ തമ്പി, കേരള പോലീസ് അസോസിയേഷൻ എറണാകുളം റൂറൽ ജില്ലാ പ്രസിഡന്റ് ശ്രീ.എം.എം.അജിത് കുമാർ, വൈസ് പ്രസിഡന്റ് ശ്രീ.റ്റി.ജയശങ്കർ, ജില്ലാ സെക്രട്ടറി ശ്രീ.എം.വി.സനിൽ, കേരളാ പോലീസ് ഓഫീസേഴ്സ് അസ്സോസിയേഷൻ എറണാകുളം റൂറൽ ജില്ലാ സെക്രട്ടറി ശ്രീ.ജെ.ഷാജിമോൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

,